**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 628 **28.02.2018** -ലെ മറുപടിക്ക്

## <u>ലൈഫ് മിഷൻ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്താകമാനം എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരും സ്വന്തം വീട് ഇല്ലാത്തവരും, ഭൂമി ഉള്ളവർക്ക് സ്വന്തമായി വീടില്ലാത്തവരുമായി ഉണ്ടായിരുന്നു; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവന ഭൂരഹിതരായ കുടുംബങ്ങളുടെ കണക്ക് ഇപ്രകാരമാണ്.<br><table><tr><th></th><th>പട്ടികജാതി</th><th>പട്ടികവർഗ്ഗം</th></tr><tr><td>ഭൂരഹിതരും ഭവനരഹിതരും</td><td>30698</td><td>12435</td></tr><tr><td>സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ</td><td>26210</td><td>15149</td></tr></table> |
| (ബി) | പിന്നോക്കവിഭാഗക്കാരിൽ സ്വന്തമായി ഭൂമിയോ വീടോ, ഭൂമിയുണ്ടെങ്കിൽ വീടോ ഇല്ലാത്തവരായുള്ളവർ എത്ര എന്നും വ്യക്തമാക്കുമോ; | (ബി) | പ്രത്യേക കണക്കെടുപ്പ് വകുപ്പ് തലത്തിൽ എടുത്തിട്ടില്ല. |
| (സി) | പ്രസ്തുത വിഭാഗക്കാർക്ക് ഭൂമിയും വീടും, ഭൂമിയുള്ളവർക്ക് വീടും നിർമ്മിക്കാനായി ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും അനുവദിച്ച് വരുന്നു. ആയത് പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 6989 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ച നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നൽകി വന്ന ധനസഹായം ഇപ്പോൾ 4 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 വർഷം 14946 പുതിയ വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016-17 വർഷം അനുവദിച്ച 14946 വീടുകളിൽ 8343 വീടുകളും 2017-18 വർഷം അനുവദിച്ചതിൽ 77 വീടുകളും നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽപ്പെടുത്തി 248 ഗുണഭോക്താക്കൾക്കായി 81.983 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ 34 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുമുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി 667 പേർക്കായി 1847 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. അത്തരത്തിൽ ആകെ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 915 ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന പദ്ധതി, വനബന്ധു കല്യാൺ യോജന പദ്ധതികൾ പ്രകാരം 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | ഇത് സാധ്യമാക്കാനായി സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ ലൈഫ് മിഷൻ നടത്തിവരുന്ന പ്രധാന നടപടികളും പ്രവർത്തനങ്ങളും എന്ത് എന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് 4,00,000/- രൂപ നിരക്കിൽ സംസ്ഥാനത്തെ ഭൂരഹിതരായ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കായി സമ്പൂർണ്ണ പാർപ്പിട |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പാക്കുന്നതിന് ലൈഫ് മിഷൻ എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചതിൽ (2015-16 വർഷം വരെ) 31.03.2016-ന് പണി പൂർത്തിയാകാതെ അവശേഷിച്ച വീടുകളുടെ പൂർത്തീകരണത്തിനാണ് 2017-18 വർഷം ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷംവരെയുള്ള സ്പിൽ ഓവർ വീടുകളെ ലൈഫ് മിഷൻ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 31.03.2016-ൽ അനുവദിച്ചതും പൂർത്തീയാക്കാത്തതുമായ 12,643/- വീടുകൾ ലൈഫ് മിഷൻ സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ആയതിൽ 346 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2018-19 വർഷം മുതൽ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീടനുവദിക്കുക എന്ന ലക്ഷ്യത്തിനായി ലൈഫ് മിഷൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ